# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൈനകരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.2/219/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൈനകരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.2/219/2023 തീയ്യതി: 23/03/2023

## ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2021 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 08-02-2023 | 17-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-02-2023 | 17-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ . സുരേഷ് . എസ് , ഓഡിറ്റ് ഓഫീസർ ( ഹ . ഗ്രേ )
ശ്രീ . ശ്രീകാന്ത് . സി . എസ് ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി . രഞ്ജു പ്രകാശ് , സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ . എം . സി . പ്രസാദ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ . റ്റി . എഫ് . സെബാസ്റ്റ്യൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി . സുചിത്ര ബി ഷേണായി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ . മേരി കുഞ്ഞ് സി കരികുളം | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി . അനില ശശിധരൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശ്രീമതി . നജ് ല നബീസത്ത് | ഐ സി ഡി എസ് സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ഡോ . ശരത്ത് ചന്ദ്ര ബോസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ . മനോജ് എം എം | മെഡിക്കൽ ഓഫീസർ, ആയർവേദം | 01-04-2021 | 31-03-2022 |
| ഡോ . അലക്സ് പി ജെ | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി .സെറീന | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ . അഹ്ലു ദേവ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ . ബിനോയ് ബോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി . ഇന്ദു ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 07-10-2021 |
| ശ്രീ . ഗോപിനാഥൻ | അസിസ്റ്റന്റ് സെക്രട്ടറി | 08-10-2021 | 22-01-2022 |
| ശ്രീ . ജോഷി സെബാസ്റ്റ്യൻ | അസിസ്റ്റന്റ് സെക്രട്ടറി | 22-01-2022 | 31-03-2022 |
| ശ്രീ . സലിൻ ബാബു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി . ചന്ദ്രലേഖ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മൊബൈൽടവറുകളുടെ നികുതി പുനർ നിർണ്ണയിച്ചിട്ടില്ല | 1-10 |
| 12 | റിസോർട്ട് വർഷങ്ങളായി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-11 |
| 13 | റിസോർട്ടുകളിലെ നീന്തൽക്കുളങ്ങളുടെ വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയില്ല വരുമാന നഷ്ടം | 1-12 |
| 14 | സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി-അധിക ചെലവ് -50300/- | 1-13 |
| 15 | പഞ്ചായത്ത് ഓഫീസ് കെട്ടിടം ഫർണീഷിംഗ് - സിഡ്കോയ്ക്ക് അധികം നൽകിയത് 33871/- | 1-14 |
| 16 | ടെണ്ടർ പരസ്യം വിൻഡോ രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലിപ്പത്തിൽ കൂടുതലുള്ളവയായത് അധികച്ചെലവിനിടയാക്കുന്നു. | 1-15 |
| 17 | കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങൾ - ഭക്ഷണപ്പൊതികൾക്ക് ഉയർന്ന നിരക്കിൽ തുക അനുവദിച്ചു | 1-16 |
| 18 | കുടിവെള്ളം വിതരണം - ആദായ നികുതി ഈടാക്കിയില്ല | 1-17 |
| 19 | തൊഴിലുറപ്പു പദ്ധതി - സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് തുക നൽകൽ- കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല. | 1-18 |
| 20 | തൊഴിലുറപ്പു പദ്ധതി- തുക രണ്ടു പ്രാവശ്യം അനുവദിച്ചത് വഴി നഷ്ടം - 7800/- | 1-19 |
| 21 | തൊഴിലുറപ്പു പദ്ധതിയിൽപ്പെടുത്തി ചെയ്തുവൃക്ഷത്തൈ വച്ചുപിടിപ്പിക്കൽ - കൂടുതൽ തൊഴിൽദിനങ്ങൾ അനുവദിക്കുന്നു | 1-20 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം- വിതരണരേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു | 1-21 |

| | | |
|---|---|---|
| 23 | വിതരണ രേഖകൾ ഹാജരാക്കിയില്ല-1,57,500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 24 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരിച്ചിട്ടില്ല | 1-23 |
| 25 | അങ്കണവാടികളിലേയ്ക്ക് സാധനങ്ങൾ വാങ്ങുന്നതിൽ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | 1-24 |
| 26 | ലൈഫ് പദ്ധതി-മുൻകൂർ കൈപ്പറ്റി നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-25 |
| 27 | അനുപൂരക പോഷകാഹാര പരിപാടി-വൗച്ചറിന്റെ അഭാവത്തിൽ നൽകിയ 16188/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 28 | സുലേഖ സ്റ്റേറ്റ്മെന്റിൽ വരവ് രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി-അധിക ചെലവ് -50300/- | 3-1 |
| 2 | പഞ്ചായത്ത് ഓഫീസ് കെട്ടിടം ഫർണീഷിംഗ് - സിഡ്കോയ്ക്ക് അധികം നൽകിയത് 33871/- | 3-2 |
| 3 | കുടിവെള്ളം വിതരണം - ആദായ നികുതി ഈടാക്കിയില്ല | 3-3 |
| 4 | തൊഴിലുറപ്പ് പദ്ധതി - സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് തുക നൽകൽ- കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല. | 3-4 |
| 5 | തൊഴിലുറപ്പ് പദ്ധതി- തുക രണ്ടു പ്രാവശ്യം അനുവദിച്ചത് വഴി നഷ്ടം - 7800/- | 3-5 |
| 6 | ടെണ്ടർ പരസ്യം വിൻഡോ രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലിപ്പത്തിൽ കൂടുതലുള്ളവയായത് അധികച്ചെലവിനിടയായി | 3-6 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 18.02.2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 2018849500 | 201066900 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 180894352 | 176404444 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 06.06.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

കൈനകരി ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1.SBI (Plan) , Kainakary (അക്കൌണ്ട് നം. - 57043123180) എന്ന അക്കൌണ്ടിന്റെ പാസ് ബുക്ക് ബാലൻസ് 937183/- രൂപയും ബാങ്ക് ബുക്ക് പ്രകാരം ബാലൻസ് തുക 937832/- രൂപയും ആണ്. വ്യത്യാസം -649/-. ബാങ്ക് ചാർജ്ജിനത്തിൽ ബാങ്കിൽ നിന്നും 12.03.2022ൽ കുറവ് ചെയ്ത തുക കിഴിച്ചുള്ള തുകയാണ് യഥാർത്ഥത്തിലുള്ള നീക്കിബാക്കി . വാർഷിക കണക്ക് പ്രകാരം ടി തുക നീക്കി ബാക്കിയിൽ ഉൾപ്പെട്ടിരിക്കുന്നു.

2. റ്റി എസ് ബി ( ജോയിന്റ് വെൻച്വർ) അക്കൌണ്ടിൽ (നം. 799011400003744) പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് 232898/- രൂപയും ബാങ്ക് ബുക്ക് പ്രകാരം ബാലൻസ് തുക 219788/- രൂപയും ആണ്. വ്യത്യാസം - 13110/-. ചെക്ക് മുഖേന നല്കിയ തുക തിരികെ വന്നു . വാർഷിക കണക്ക് പ്രകാരം ടി തുക നീക്കി ബാക്കിയിൽ ഉൾപ്പെട്ടിട്ടില്ല.

3. വാർഷികകണക്ക് പ്രകാരം , CONTRACTORS RETENTION എന്ന ഇനത്തിലെ വരവ് , ചെലവ് എന്നിവ യഥാക്രമം 94,695/- രൂപ , 9,173/-രൂപ എന്നിങ്ങനെയാണ്. ഡിപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഇവ 1,11,935/- രൂപ , 17,240/- രൂപ എന്നിങ്ങനെയാണ്.

4.വാർഷികകണക്ക് പ്രകാരം , AUCTION DEPOSIT എന്ന ഇനത്തിലെ വരവ് , ചെലവ് എന്നിവ യഥാക്രമം 80,800/- രൂപ , 59,950/-രൂപ എന്നിങ്ങനെയാണ്. ഡിപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഇവ 89,220/- രൂപ , 73,870/- രൂപ എന്നിങ്ങനെയാണ്.

5. സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തുനികുതി ഡിമാൻറ് , കളക്ഷൻ , ബാലൻസ് തുകകൾ അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല.

ന്യൂനതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/ 16.02.2023 ) ലഭ്യമാക്കിയ മറുപടിയിൽ രജിസ്റ്ററുകൾ കാലീകമാക്കിയതായി അറിയിച്ചു . മറ്റ് അപാകതകൾക്കുള്ള മറുപടി ലഭ്യമാക്കേണ്ടതാണ് . അപാകതകൾ ആവർത്തിക്കാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17024690 |
| വരവ് | 62736798 |
| ആകെ | 79761488 |
| ചെലവ് | 65353451 |
| നീക്കിയിരിപ്പ് | 14408037 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ഉറവിടത്തിൽ കുറവ് ചെയ്തത് | ആകെ | ചെലവ് എ.സി.ആർ പ്രകാരം | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 15263418 | 2719582 | 17983000 | 16292856 | 1690144 (ലാപ്സായി) |
| വികസന | 0 | 3437915 | 194085 | 3632000 | 2973533 | 658467 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട്-എസ്.സി.പി | | | | | | (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് - ബാങ്ക് | 0 | 5023000 | 0 | 5023000 | 5009650 | 13350 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് - ട്രഷറി | 0 | 3928473 | 0 | 3928473 | 2793181 | 1135292 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | 0 | 3349000 | 0 | 3410645 (ബാങ്ക് പലിശ ഉൾപ്പെടെ -61645/- രൂപ) | 3357491 (3349000 + 8491) | 53154(ബാങ്ക്). (തൻ വർഷം ലഭിച്ച പലിശ തുകയായ 61645/- രൂപയിൽ നിന്നും 8491/-രൂപ ചെലവഴിച്ചു.) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് - ട്രഷറി | 0 | 2037586 | 0 | 2037586 | 1272463 | 765123 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 4554000 | 0 | 4554000 | 2505000 | 2049000 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 7826954 | 0 | 7826954 | 6326294 | 1500660 (ലാപ്സായി) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

(സുലേഖ പദ്ധതി ചെലവ് പത്രികയിൽ നിന്നുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 121 | 61923814 | 114 | 45873979 | 5 | 7 | 74% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2919 | 1641324 | 1644243 | 1640486 | 3757 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 60861410 | 60861410 | 60861410 | |
| ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ | | 0 | 0 | 0 | |
| ആകെ | 2919 | 62502734 | 62505653 | 62501896 | 3757 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 54600 | 37 |
| കർഷക തൊഴിലാളി പെൻഷൻ | 32642200 | 96 |
| വിധവ പെൻഷൻ | 7951000 | 85 |
| വാർദ്ധക്യകാല പെൻഷൻ | 13664500 | 91 |
| വികലാംഗ പെൻഷൻ | 3832300 | 29 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 449600 | 62 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.02.2023 തീയതിയിൽ 03:00 P.M സമയത്ത് അസ്സി: സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13,933/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

2.വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

3.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4.ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

6.തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

7. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവർത്തികളുടെ ബില്ലുകൾ നൽകുമ്പോൾ വേണ്ടത്ര സൂക്ഷ്മത പുലർത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8.താരതമ്യേന തനത് വരുമാനം കുറഞ്ഞ ഈ പഞ്ചായത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുന്നതായി കാണുന്നില്ല.ലഭിക്കേണ്ട വരുമാനം പിരിച്ചെടുക്കുന്നുമില്ല.ഉദാഹരണം ചുവടെ കൊടുക്കുന്നു.

എ).മൊബൈൽടവറുകളുടെ നികുതി പുനർ നിർണ്ണയിച്ചിട്ടില്ല

ബി).റിസോർട്ട് വർഷങ്ങളായി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

സി)റിസോർട്ടുകളിലെ നീന്തൽകുളങ്ങളുടെ വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കുന്നില്ല

12. സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും പെൻഷൻ വിതരണം നടത്തി.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മൊബൈൽടവറുകളുടെ നികുതി പുനർ നിർണ്ണയിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 26.02.2022ലെ ആർ.ഡി . 3 / 94 / 2020ത.സ്വ.ഭ.വ. നം സർക്കുലർ പ്രകാരം മൊബൈൽ ടവറുകളുടെ പ്രവർത്തനത്തിന് ജനറേറ്റർ , മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ അനിവാര്യമായതിനാൽ മൊബൈൽ ടവറുകളുടെ ടവറിന്റെ തറവിസ്തീർണ്ണം + ജനറേറ്റർ + മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണ്ണം എന്നതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി കണക്കാക്കേണ്ടതാണ്.
പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസിൽ 3 മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയ വിവരങ്ങളാണ് ഉള്ളത്. പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ ടവറുകളുടെ വസ്തു നികുതിയിൽ ജനറേറ്റർ , മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണ്ണം എന്നിവ കൂടി ഉൾപ്പെടുത്തി നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നതിന് ഓഡിറ്റ് അന്വേഷണം ( 9 / 16.02.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല . മൊബൈൽ ടവറുകളുടെ നികുതി പുനർ നിർണ്ണയിച്ച് ഫാറം – 6 , കുറവ് വന്ന നികുതി തുക ഈടാക്കി രസീതിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-11 റിസോർട്ട് വർഷങ്ങളായി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

കൈനകരി ഗ്രാമ പഞ്ചായത്ത് പരിധിയിൽ , ഒൻപതാം വാർഡിൽ ,സഞ്ചയ ഡേറ്റാ ബേസ് പ്രകാരമുള്ള റിസോർട്ട് എന്ന ഉപയോഗക്രമത്തിൽ നിർണയിച്ചിട്ടുള്ള കെട്ടിടത്തിൽ ( കെട്ടിട നം. IX/ 1 A , B , C , D , E , F , G , H , J , K , L M , N , P , Q ) പ്രവർത്തിക്കുന്ന " KAINAKARY BACK WATER & HOTELS ( Pvt ) LTD " എന്ന സ്ഥാപനം 2021-22 വർഷം ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത് എന്ന് പരിശോധനയിൽ ബോധ്യമായി. മുൻ വർഷത്തെ ഡി ആന്റ് ഒ രജിസ്റ്റർ പരിശോധിച്ചതിലും ടി റിസോർട്ട് ലൈസൻസ് എടുത്തിട്ടില്ല എന്ന് കണ്ടു . ടി റിസോർട്ടിന് ലൈസൻസ് എടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:3 / 14-02-23) മറുപടി ലഭ്യമാക്കിയില്ല .കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ - 232(1) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെ യാതൊരു സ്ഥാപനവും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കാൻ പാടില്ല എന്നിരിക്കെ മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി വസൂലാക്കുകയും ഇതേ കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കാൻ അനുമതി നല്കി വരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് ( കുറ്റങ്ങൾ രാജിയാക്കൽ ) ചട്ടങ്ങളിലെ ചട്ടം 3 ലെ പട്ടിക പ്രകാരമുള്ള ചുമത്തപ്പെടാവുന്ന പിഴ ഈടാക്കി , സ്ഥാപനത്തിന്റെ ലൈസൻസ് ക്രമവത്കരിക്കേണ്ടതാണ്. വിഷയത്തിലേയ്ക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-12 റിസോർട്ടുകളിലെ നീന്തൽകുളങ്ങളുടെ വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയില്ല വരുമാന നഷ്ടം

സ . ഉ ( എം . എസ്) നം : 20 / 2011 /ത സ്വ ഭ വ തീയതി 14-11-2011 ചട്ടം 3(3) പ്രകാരം ഒരു കെട്ടിടത്തിനോടനുബന്ധിച്ച് സ്വിമ്മിംഗ് പൂൾ നിർമ്മിയ്ക്കുന്നു എങ്കിൽ അതിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി നികുതി ഇടാക്കേണ്ടതും 30 ദിവസത്തിനുള്ളിൽ ഉടമ വിവരം പഞ്ചായത്തിൽ അറിയിയ്ക്കുകയും, ചട്ടം 11 പ്രകാരം പുതിയ വസ്തുനികുതി റിട്ടേൺ സമർപ്പിയ്ക്കേണ്ടതുമാണ്. ഒന്നിലധികം കെട്ടിടങ്ങൾ ഉള്ള സംഗതിയിൽ ടി സ്വിമ്മിംഗ് പൂൾ ഒരു പ്രത്യേക കെട്ടിടത്തിനോട് ചേർന്ന് നിർമ്മിച്ചതല്ല എങ്കിൽ കെട്ടിടങ്ങളിലെ പ്രധാന കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി നികുതി ഇടാക്കാവുന്നതാണ്.

പഞ്ചായത്ത് പരിധിയിൽ , ഒൻപതാം വാർഡിൽ പ്രവർത്തിക്കുന്ന " KAINAKARY BACK WATER & HOTELS (Pvt) LTD " (കെട്ടിട നമ്പർ IX / 1 B , C , D , E , F , G , H , J , K , L , M , N , P , Q ) എന്ന റിസോർട്ടിന്റെ വെബ്സൈറ്റിൽ ടി റിസോർട്ടിൽ 3 എണ്ണം സ്വിമ്മിംഗ് പൂൾ സൌകര്യം ലഭ്യമാണെന്ന് പരസ്യം ചെയ്തിട്ടുണ്ട്. ടി റിസോർട്ടുകളിൽ സ്ഥല പരിശോധന നടത്തി സ്വിമ്മിംഗ് പൂളുകൾ പ്രവർത്തിയ്ക്കുന്നുണ്ടെങ്കിൽ നിർദ്ദിഷ്ട തീയതിയ്ക്കകം ആയത് സംബന്ധിച്ച റിപ്പോർട്ട് നല്കുവാൻ ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് അന്വേഷണം നം. 1 / 09 .02. 2023) ലഭ്യമാക്കിയില്ല.

പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസ് പരിശോധിച്ചതിൽ , 2021-22 ൽ ടി സ്വിമ്മിംഗ് പൂളുകളുടെ വസ്തുനികുതി റിസോർട്ടുകളിൽ നിന്നും ഈടാക്കിയിട്ടില്ല എന്ന് വ്യക്തമാണ്. ആയതിനാൽ , ടി റിസോർട്ടിൽ സ്ഥലപരിശോധന നടത്തി , അവിടെ നിലനില്ക്കുന്ന 3 സ്വിമ്മിംഗ് പൂളുകളുകളുടെ തറവിസ്തൃതിയ്ക്കും അതിന്റെ നിർമ്മിതിയ്ക്കും അനുസൃതമായി ( ഒന്നിലധികം കെട്ടിടങ്ങൾ ഉള്ള സംഗതിയിൽ ടി സ്വിമ്മിംഗ് പൂൾ ഒരു പ്രത്യേക കെട്ടിടത്തിനോട് ചേർന്ന് നിർമ്മിച്ചതല്ല എങ്കിൽ കെട്ടിടങ്ങളിലെ പ്രധാന കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി) നികുതി ഇടാക്കേണ്ടതാണ്. നികുതി നിർണയിച്ച് ഫാറം - 6 , കുറവ് വന്ന നികുതി ഈടാക്കിയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (കെട്ടിടം അസസ് ചെയ്ത വർഷം മുതൽ ഉള്ളത് ) നല്കേണ്ടതാണ്.

കൂടാതെ, ടി റിസോർട്ടിലെ കെട്ടിട നമ്പർ IX / 1 M എന്ന കെട്ടിടത്തിന് ( 285.43 എം2 ) മാത്രം ഏ. സി യ്ക്ക് 10 % വർദ്ധനവ് വരുത്തിയിട്ടില്ല. മറ്റു കെട്ടിടത്തിന് ടി വർദ്ധനവ് വരുത്തിയിട്ടുണ്ട്. വിശദീകരണം ലഭ്യക്കുവാൻ ആവശ്യപ്പെട്ട് നല്കിയ (ഓഡിറ്റ് അന്വേഷണം നം. 1 / 09 .02. 2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ , ടി റിസോർട്ടിൽ സ്ഥലപരിശോധന നടത്തി ഇത് സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്.

## 1-13 സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി-അധിക ചെലവ് -50300/-

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരു വിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്ന് കണ്ടു. ഗുണഭോക്താക്കൾ മരണപ്പെട്ട് കഴിഞ്ഞിട്ടും നേരിട്ട് തുക കൈപ്പറ്റിതായി ( ഡയറക്റ്റ് ടു ഹോം ) രേഖപ്പെടുത്തി വിതരണം ചെയ്തതായും മരണ ശേഷവും പെൻഷൻ ബാങ്ക് അക്കൌണ്ട് വഴി വിതരണം ചെയ്തതായും കാണുന്നു . ധനകാര്യ(എസ്.എഫ്.സി.ബി) വകുപ്പിന്റെ 28.8.2021 ലെ 63/2021 ധന.സർക്കുലറിലെ (1)-ാം നമ്പർ നിർദ്ദേശപ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന

പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്കു മുൻപ് മരണവിവരം അറിയിക്കേണ്ടതാണ്. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിൽ വളരെയധികം കാലതാമസം വരുന്നു .

എ) മരണശേഷം സൊസൈറ്റി വഴി തുക നേരിട്ട് കൈപ്പറ്റിയതായി ( ഡയറക്റ്റ് ടു ഹോം ) രേഖപ്പെടുത്തി തുക നല്കി.

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ , മരണ ശേഷവും പെൻഷൻ ഡയറക്റ്റ് ടു ഹോം എന്ന തരത്തിൽ വിതരണം ചെയ്തതിന് ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു .

| | പേര് /വിലാസം | മരിച്ച തീയതി/ മരണ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | നിരക്ക് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സേവ്യർ കുര്യൻ, മണ്ണുട, കൈനകരി പി ഒ | 29.11.2020/ 06.01.2021 | കർഷക തൊഴിലാളി പെൻഷൻ 104570100875 | 12/2020- 1400/-രൂപ | 1400/- | തുക ഗുണഭോക്താക്കൾക്ക് സൊസൈറ്റി വഴി കൈമാറി. |
| 2 | മതിമുഖി , തെക്കേച്ചിറ ,കുപ്പപ്പുറം പിഒ | 20.01.2021/ 08.02.2021 | കർഷക തൊഴിലാളി പെൻഷൻ 104570100205 | 02/2021- 04/2021 4600/-രൂപ | 02/21 മുതൽ 03/21 വരെ -1500/-രൂപ നിരക്കിൽ, 04/2021 -ൽ -1600/-രൂപ | തുക ഗുണഭോക്താക്കൾക്ക് സൊസൈറ്റി വഴി കൈമാറി. |
| 3 | ഭൈമി , കളത്തിൽ കുപ്പപ്പുറം പി ഒ | 06.02.2021/ 05.03.2021 | കർഷക തൊഴിലാളി പെൻഷൻ 104570100923 | 03/2021- 04/2021 3100/-രൂപ | 03/21 -ൽ -1500/-രൂപ, 04/2021 -ൽ -1600/-രൂപ | തുക ഗുണഭോക്താക്കൾക്ക് സൊസൈറ്റി വഴി കൈമാറി. |
| 4 | ഓമന റ്റി പി, കളത്തിൽ കുട്ടമംഗലം പി ഒ | 07.06.2021/ 08.07.2021 | വാർദ്ധക്യകാല പെൻഷൻ 104570200753 | 07/2021-10/2021 6400/-രൂപ | 07/2021 മുതൽ 10/2021 വരെ -1600/-രൂപ നിരക്കിൽ. | തുക ഗുണഭോക്താക്കൾക്ക് സൊസൈറ്റി വഴി കൈമാറി. |
| 5 | ചെല്ലമ്മ, കായിത്ര കുട്ടമംഗലം പി ഒ | 31.12.2021/ 14.01.2022 | കർഷക തൊഴിലാളി പെൻഷൻ 104570101284 | 01/2022 1600/-രൂപ | 1600/-രൂപ | തുക ഗുണഭോക്താക്കൾക്ക് സൊസൈറ്റി വഴി കൈമാറി. |
| | ആകെ | | | 17100 | | |

മേൽ തുകകൾ ഗുണഭോക്താക്കൾ മരിച്ച ശേഷം സൊസൈറ്റി വഴി നേരിട്ട് ഗുണഭോക്താക്കളുടെ പേരിൽ ആരോ കൈപ്പറ്റിയതാണെന്ന് വ്യക്തമാണ്. ആയതിനാൽ , ഇത് എപ്രകാരം സംഭവിച്ചതാണെന്ന് ബാങ്ക് അധികൃതരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ് . മേൽ കൊടുത്തിരിക്കുന്നത് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. ഇപ്രകാരം , മുൻവർഷങ്ങളിൽ എത്ര ഗുണഭോക്താക്കളുടെ തുക വിതരണം ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച് അന്വേഷണ വിധേയമാക്കേണ്ടതാണ്. മേൽ പരാമർശിച്ച തുക ( 17100/-രൂപ ) തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

ബി) മരണ ശേഷവും പെൻഷൻ ബാങ്ക് അക്കൌണ്ട് വഴി വിതരണം ചെയ്തതായും കാണുന്നു.

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ , മരണ ശേഷവും പെൻഷൻ ബാങ്ക് അക്കൌണ്ട് വഴി വിതരണം ചെയ്തതായും കാണുന്നു . ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പേര് /വിലാസം | മരിച്ച തീയതി/ മരണ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | നിരക്ക് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | രവീന്ദ്രൻ കെ ഗണേഷ് ഭവൻ തോട്ടുവാതല പി ഒ | 14.01.2021/ 02.02.2021 | കർഷക തൊഴിലാളി പെൻഷൻ 104570101440 | 2/2021- 10/2021 14200/-രൂപ | 02/21 മുതൽ 03/21 വരെ -1500/-രൂപ നിരക്കിൽ, 04/2021 മുതൽ 10/2021 വരെ -1600/-രൂപ നിരക്കിൽ. | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 2 | രമേശൻ റ്റി രതീഷ് ഭവനം , കുട്ടമംഗലം പിഒ | 06.01.2021/ 17.02.2021 | കർഷക തൊഴിലാളി പെൻഷൻ 104570103032 | 02/2021- 10/2021 14200/- | 02/21 മുതൽ 03/21 വരെ -1500/-രൂപ നിരക്കിൽ, 04/2021 മുതൽ 10/2021 വരെ -1600/-രൂപ നിരക്കിൽ. | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 3 | ശശി , കണിപ്പറമ്പ് , കുട്ടമംഗലം പി ഒ | 23.08.2021/ 14.09.2021 | കർഷക തൊഴിലാളി പെൻഷൻ 104570102749 | 9/2021-10/2021 3200/- | 1600/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 4 | തോമസ് തോമസ് , കണിച്ചേരി കൈനകരി പി ഒ | 20.11.2021/ 29.11.2021 | വാർദ്ധക്യകാല പെൻഷൻ 104570200836 | 12/2021 1600/- | 1600/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| ആകെ | | | | 33200 | | |

<u>സി) മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മരണശേഷം തുക അക്കൌണ്ടിലേയ്ക്ക് നല്കിയതായി കാണുന്നു. വിവരം താഴെ കൊടുക്കുന്നു.</u>

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ , ഈ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടതും എന്നാൽ തുക മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും കൈപ്പറ്റിയയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമനം | പേര് /വിലാസം | മരിച്ച തീയതി/ മരണ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | മറിയാമ്മ ചക്കംപറമ്പിൽ പീച്ചി പി ഒ | 23.08.2021/ 09.09.2021 | കർഷക തൊഴിലാളിപെൻഷൻ 107430101037 | 10/2021- 12/2021 3600/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ച ( തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ നിന്നും തുക കൈപ്പറ്റി ) |
| | ആകെ | | | 3600 | |

ടി വിവരം അറിയിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കത്ത് നല്കേണ്ടതാണ്.

മേൽ വിവരങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.1 / 14.02.2023 ) ലഭ്യമാക്കിയ മറുപടിയിൽ , തുക തിരികെ ഈടാക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും നിർദ്ദേശം നല്കുന്നതാണെന്ന് അറിയിച്ചു. നാളിതു വരെ സസ്പെൻഡ് ചെയ്യാത്തവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും മരണപ്പെട്ട ആളുകളുടെ പേരിൽ കൈപ്പറ്റിയ പെൻഷൻ തുക , അനന്തരഅവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ടി പെൻഷൻ തുക എന്നിവ തിരികെ ഈടാക്കിയും വിശദാംശം അറിയിക്കേണ്ടതാണ്. മേൽ തുകകൾ (50300/-രൂപ) ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി നിർണയിക്കുന്നു.

## 1-14 പഞ്ചായത്ത് ഓഫീസ് കെട്ടിടം ഫർണീഷിംഗ് - സിഡ്കോയ്ക്ക് അധികം നൽകിയത് 33871/-

| | |
|---|---|
| പ്രോജക്ട് | പഞ്ചായത്ത് ഓഫീസ് കെട്ടിടം ഫർണീഷിംഗ് |
| പ്രോജക്ട് നമ്പർ | S0144/12 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് വിവരം | ബിൽ നമ്പർ 168/15-02-22 രൂപ 903629/-<br>ബിൽ നമ്പർ 173/16-02-22 രൂപ 69030/-<br>ബിൽ നമ്പർ 209 /14-03-22 രൂപ 359252 /-<br>ബിൽ നമ്പർ 210/14-03-22 രൂപ 1066868/- |

പഞ്ചായത്ത് ഓഫീസ് ഫർണീഷിംഗിന് സിഡ്കോ സ്റ്റോബോർഡ് ഫാക്ടറി ,പരുമല എന്ന സ്ഥപനത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത് . സ്ഥാപനം ഹാജരാക്കിയ ഇൻവോയ്സ് പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും സ്ഥാപനം ഹാജരാക്കിയതും LSGD അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയതുമായ നിർമ്മിച്ച അളവ് രേഖപ്പെടുത്തിയ റികൺസിലിയേഷൻ ഷീറ്റുമായി താരതമ്യം ചെയ്യുമ്പോൾ ചില ഇനങ്ങൾക്ക് അധികം നൽകിയതായി കാണുന്നു.വ്യത്യാസമുള്ള ഇനങ്ങളുടെ വിവരം മാത്രം ചുവടെ കൊടുക്കുന്നു

| ക്രമ നമ്പർ | ഇനം | തുക അനുവദിച്ച ഇൻവോയ്സ് പ്രകാരമുള്ള അളവ് | റികൺസിലിയേഷൻ ഷീറ്റിൽ കാണിച്ചിരിക്കുന്ന നിർമ്മിച്ച അളവ് | അധികം നൽകിയ തുക(ഇൻവോയ്സ് പ്രകാരമുള്ള നിരക്കിന്റെ അടിസ്ഥാനത്തിൽ) |
|---|---|---|---|---|
| | ഗ്രൗണ്ട് ഫ്ലോർ | | | |
| | Rubwood Table | 96 Sq.ft | 93.612 Sq.ft | 2.388 @1625 =3880.50 |

| | | | | |
|---|---|---|---|---|
| | Full Height Cement Board Partiton With Door | 115 Sq.ft | 93.49 Sq.ft | 21.51 @215 = 4624.65 |
| | ഒന്നാം നില | | | |
| | Partly Glazed Low /Med Height Single Skin Partition | 640 Sq. Ft | 638.66 Sq.ft | 1.34 @445 = 596.30 |
| | Storage Shelf | 240 Sq. Ft | 216.41 Sq. Ft | 23.59 @1050 = 24769.50 |
| | ആകെ | | | 33870.95 (33871/-) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 14/16-02-22 ന് മറുപടി നൽകിയില്ല . അധികം നൽകിയ തുക മേൽസ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-15 ടെണ്ടർ പരസ്യം വിൻഡോ രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലിപ്പത്തിൽ കൂടുതലുള്ളവയായത് അധികച്ചെലവിനിടയാക്കുന്നു.

| | |
|---|---|
| പ്രോജക്ട് | പദ്ധതി പ്രവർത്തനം |
| പ്രോജക്ട് നമ്പർ | S0002/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവു വിവരം | ബിൽ നമ്പർ 09/26-07-21 രൂപ 62986/-<br>ബിൽ നമ്പർ63/23-11-21രൂപ 33594/-<br>ബിൽ നമ്പർ 65/28-12-21 രൂപ 12852/-<br>ബിൽ നമ്പർ 78/25-01-22 രൂപ 123386/- |

സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.വിൻഡോ മാതൃകയിൽ നൽകുന്ന പരസ്യങ്ങൾ (8cmx3cm)=24cm$^2$ വലുപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പദ്ധതി പ്രവൃത്തനങ്ങൾക്കായി മാതൃഭൂമി, ദേശാഭിമാനി എന്നീ പത്രത്തിൽ നൽകിയ ടെണ്ടർ പരസ്യം വിൻഡോ" രൂപത്തിൽ ആണെങ്കിലും ചിലത് നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പത്രം/ ബിൽ നമ്പർ | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | ഡിസ്കൗണ്ട് കഴിഞ്ഞ് അനുവദിച്ച തുക | പരസ്യത്തിന് അനുവദിച്ച നിരക്ക് പ്രകാരം 8X3 സൈസിലുള്ള പരസ്യത്തിന് | അധികം |
|---|---|---|---|---|---|

| | | | | ഡിസ്കൗണ്ട് കഴിഞ്ഞ് അനുവദിക്കാവുന്ന തുക | |
|---|---|---|---|---|---|
| | മാതൃഭൂമി | | | | |
| 1 | 81030/31-01-21 | 8 X5 | 9282 | 5569* | 3713 |
| 2 | 16547/12-06-21 | 8x5 | 9818 | 5890# | 3928 |
| 3 | 84195/24-12-21 | 8x5 | 9818 | 5890 | 3928 |
| 4 | 90678/08-01-22 | 8x5 | 9818 | 5890 | 3928 |
| | ദേശാഭിമാനി | | | | |
| 5 | 19759/13-06-21 | 8x5 | 6426 | 3856** | 2570 |
| 6 | 207235/24-09-21 | 8 X5 | 6426 | 3856 | 2570 |
| 7 | 211223/28-10-21 | 8x5 | 6426 | 3856 | 2570 |
| 8 | 213128 | 8x5 | 6426 | 3856 | 2570 |
| | ആകെ | | | | 25777 |

- *24 X260/cm2 = 6240- 936(15%ഡിസ്കൗണ്ട്) =5304 +5% Gst = 5569
- #24 X275/cm2 = 6600- 990(15%ഡിസ്കൗണ്ട്) = 5610 +5% Gst = 5890
- **24 X180/cm2 = 4320 – 648(15%ഡിസ്കൗണ്ട്) = 3672 +5% Gst =3856

പത്ര പരസ്യം നൽകിയപ്പോൾ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ അധികച്ചെലവിനിടയായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 11/16-02-22 ന് മറുപടി നൽകിയില്ല . അധികം ചെലവഴിക്കാനിടയായ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങൾ - ഭക്ഷണപ്പൊതികൾക്ക് ഉയർന്ന നിരക്കിൽ തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് | കോവിഡ് 19പ്രതിരോധപ്രവർത്തനങ്ങൾ |
| പ്രോജക്ട് നമ്പർ | S0064/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവു വിവരം | ബിൽ നമ്പർ 17/09-09-21 രൂപ 497272/-<br>ബിൽ നമ്പർ 21/20-10-21 രൂപ 229647/- |

ശിവകാശി ഹോട്ടൽ & കേറ്ററിംഗ് യൂണിറ്റിന്റെ കീഴിലുള്ള ജനകീയ ഹോട്ടലിൽ നിന്നാണ് കോവിഡ് കാലത്ത് ഗ്രാമപഞ്ചായത്തിലെ വിവിധവാർഡുകളിലെ കോവിഡ് ബാധിതർക്കും അഗതികൾക്കും സൗജന്യ ഭക്ഷണം നൽകിയിരിക്കുന്നത് . ഇതിന് @35/- നിരക്കിലാണ് തുക നൽകിയിരിക്കുന്നത്. ജനകീയ ഹോട്ടലുകൾ 20 രൂപ / പാക്കറ്റ് നിരക്കിലാണ് ഊണ് വിൽപ്പന നടത്തുവാൻ അനുമതിയുള്ളത്. ( സ.ഉ.(സാധാ) നം 733/2020തസ്വഭവ തീയതി 03-04-20). പാർസൽ ചാർജ്ജ് 5/- രൂപകൂടി അനുവദിച്ചാൽ നൽകാവുന്ന നിരക്ക് @25/-രൂപയാണ്. ഭക്ഷണപ്പൊതികൾക്ക് തുക ഉയർന്ന നിരക്കിൽ അനുവദിച്ചത് അധികം തുക നൽകാനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| വൗച്ചർ നമ്പർ | ഭക്ഷണപ്പൊതികളുടെ എണ്ണം | അനുവദിച്ച തുക @35 | അനുവദനീയമായ തുക @25 | അധികം |
|---|---|---|---|---|
| 22100108/20-05-21 | 726 | 25410 | 18150 | 7260 |
| 22100123/01-06-21 | 1231 | 43085 | 30775 | 12310 |
| 22100204/06-07-21 | 1537 | 53795 | 38425 | 15370 |
| ലഭ്യമായില്ല | 1252 | 43820 | 31300 | 12520 |
| 22100236/12-07-21 | 970 | 33950 | 24250 | 9700 |
| 22100304/01-08-21 | 340 | 11900 | 8500 | 3400 |
| 22100406/15-09-21 | 300 | 10500 | 7500 | 3000 |

| | | | | |
|---|---|---|---|---|
| 22100428/ | 1451 | 50785 | 36275 | 14510 |
| 22100511/29-10-21 | 19 | 665 | 475 | 190 |
| 22100674/04-12-21 | 120 | 4200 | 3000 | 1200 |
| ആകെ | | | | 79460 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 12/16-02-22 ന് മറുപടി നൽകിയില്ല . ഭക്ഷണപ്പൊതികൾക്ക് ഉയർന്ന നിരക്കിൽ തുക അനുവദിച്ചത് വഴി അധികം നൽകാനിടയായ 79460/- രൂപ ജനകീയ ഹോട്ടലിൽ നിന്നും ഈടാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

## 1-17 കുടിവെള്ളം വിതരണം - ആദായ നികുതി ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | കുടിവെള്ളം വിതരണം |
| പ്രോജക്ട് നമ്പർ | S0024/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് വിവരം | ബിൽ നമ്പർ 20/08-10-21 രൂപ 1200000/-<br>ബിൽ നമ്പർ 104/24-03-22 രൂപ 1241222/-<br>ബിൽ നമ്പർ 107/26-03-22 രൂപ 77018/- |

ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം അനുഭവപ്പെട്ട പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം നടത്തുന്നതിന് വേണ്ടി ക്ഷണിച്ച ടെണ്ടർ പ്രകാരം യന്ത്രവൽകൃത വള്ളത്തിൽ കുടിവെള്ളവിതരണം നടത്തുന്നതിന് 2100/ട്രിപ്പ് എന്ന നിരക്ക് ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുണ്ട്. കുടിവെള്ളം വിതരണം നടത്തിയ കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ താഴെപ്പറയുന്നവരിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല .

| ക്രമനമ്പർ | കരാറുകാരൻ | കൈപ്പറ്റിയ തുക | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|---|
| 1 | പ്രേംസൺ | 111300 | 1113 |
| 2 | തോമസ് മാത്യു | 109200 | 1092 |
| ആകെ | | | 2305 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 12/16-02-22 ന് മറുപടി നൽകിയില്ല .ടി തുക മേൽപ്പറഞ്ഞവരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്.

## 1-18 തൊഴിലുറപ്പ് പദ്ധതി - സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് തുക നൽകൽ- കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല.

2020-21 , 2021-22 വർഷം തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത പ്രവൃത്തികൾക്ക് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൻ പ്രകാരം ബോർഡ് സ്ഥാപിച്ചതിന് തൻവർഷം വിവിധ തീയതികളിലായി ശ്രീ.ലിബിൻ ദേവസ്യയ്ക്കും ശ്രീ. സുനിൽകുമാറിനും യഥാക്രമം 156000/-രൂപയും 511000/-രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും ആദായനികുതി ഈടാക്കിയില്ല. ആതായ നികുതി ഈടാക്കേണ്ടതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | തൻവർഷം നൽകിയ തുക | ഈടാക്കേണ്ട ആദായ നികുതി @1% |
|---|---|---|---|
| 1 | ലിബിൻ ദേവസ്യ | 156000 | 1560 |
| 2 | സുനിൽകുമാർ | 511000 | 5110 |
| | ആകെ | | 6670 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 16/17-02-22 ന് മറുപടി നൽകിയില്ല .ടി തുക മേൽപ്പറഞ്ഞവരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്.

### 1-19 തൊഴിലുറപ്പ് പദ്ധതി- തുക രണ്ടു പ്രാവശ്യം അനുവദിച്ചത് വഴി നഷ്ടം - 7800/-

എ) തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത 10/പഴൂർ പാലം മുതൽ 40ൽ ചിറപാലം വരെ PWD റോഡിനു കിഴക്കുവശം ബണ്ട് കയർ ഭൂവസ്ത്രം ഇട്ടു ബലപ്പെടുത്തുക എന്ന പ്രവൃത്തിക്ക് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചതിന് 28-05-21 , 31-05-21 തീയതികളിലായി രണ്ട് പ്രാവശ്യം 3500/-രൂപ വീതം കരാറുകാരനായ ശ്രീ. സുനിൽകുമാറിന് നൽകിയിട്ടുണ്ട്. അധികം നൽകിത് 3500/- രൂപ

ഇതേ പ്രവൃത്തിയിൽ മുള വാങ്ങിയതിന് ചെലവ് 800/- രൂപ മാത്രമാണ് . എന്നാൽ ഈയിനത്തിൽ സുകുമാരി ശ്രീധരന് 28-05-21ൽ 800/-രൂപയും ശ്രീധരന് 31-05-21 ൽ 800/- രൂപയും അനുവദിച്ചിട്ടുണ്ട്. അധികം നൽകിയത് 800/-.

ബി) 9/കായൽപ്പുറം തോട് ആഴം കൂട്ടി കയർഭൂവസ്ത്രം വിരിക്കുക എന്ന പ്രവൃത്തിയിൽ ബോർഡ് സ്ഥാപിച്ചതിന് 28-05-21 , 31-05-21 തീയതികളിലായി രണ്ട് പ്രാവശ്യം 3500/-രൂപ വീതം ശ്രീ. സുനിൽകുമാറിന് നൽകിയിട്ടുണ്ട്. അധികം നൽകിയ 3500/- രൂപ .

മേൽപ്പറഞ്ഞ പ്രകാരം അധികം അനുവദിച്ച 7800/- (3500 +800+ 3500) രൂപ ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 16/16-02-22 ന് മറുപടി നൽകിയില്ല. എന്നാൽ അധികം നൽകാനിടയായ തുക തിരികെ ഈടാക്കുന്നതാണെന്ന് സെക്രട്ടറി വാക്കാൽ അറിയിച്ചിട്ടുണ്ട്.

### 1-20 തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്തവൃക്ഷത്തൈ വച്ചുപിടിപ്പിക്കൽ - കൂടുതൽ തൊഴിൽദിനങ്ങൾ അനുവദിക്കുന്നു

തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത 15/വാർഡ് PWD റോഡിന് ഇരുവശവും വൃക്ഷത്തൈ വെച്ചുപിടിപ്പിച്ച് 90 ദിവസത്തേക്ക് വൃക്ഷത്തൈകളുടെ പരിപാലനം നടത്തുന്നതിന് 87തൊഴിൽദിനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വൃക്ഷത്തൈകളുടെ പരിപാലനം നടത്തുന്നതിന് 90 ദിവസത്തേക്കുള്ള തൊഴിൽദിനങ്ങൾ 9 ദിവസങ്ങൾക്കൊണ്ട് തന്നെ അനുവദിച്ചു. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | 15/വാർഡ് PWD റോഡിന് ഇരുവശവും വൃക്ഷത്തൈ വച്ചുപിടിപ്പിക്കൽ |
|---|---|
| ആരംഭിച്ച തീയതി | 29-07-20 |
| അവസാനിച്ച തീയതി | 11-08-20 |
| 2661 ,2847മസ്റ്റർ റോൾ പ്രകാരം പ്രവർത്തി ചെയ്ത ദിവസങ്ങൾ | 9 |
| എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ | 354 |
| 2661 ,2847മസ്റ്റർ റോൾ പ്രകാരം അനുവദിച്ച തൊഴിൽദിനങ്ങൾ | 354 |
| അനുവദിച്ച തൊഴിൽ ദിനങ്ങളിൽ 90 ദിവസത്തേക്കുള്ള പരിപാലനത്തിനുള്ള തൊഴിൽ ദിനങ്ങൾ | 87 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 16/16-02-22 ന് മറുപടി നൽകിയില്ല.90 ദിവസം കൊണ്ട് അനുവദിക്കേണ്ട തൊഴിൽദിനങ്ങൾ പ്രവൃത്തി ആരംഭിച്ച് ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ അനുവദിച്ചു നൽകിയത് ശരിയായ പ്രവണതയല്ല. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-21 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം- വിതരണരേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം ചെയ്ത ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള സ്കൂളുകളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ പദ്ധതി (പ്രോജക്ട് നമ്പർ 22/2022) പ്രകാരം 90 സ്റ്റീൽ ടേബിളിനും 90 സ്റ്റീൽ കുഷ്യൻ കസേരകൾക്കുമായി 445084/-രൂപ ആർട്ട്കോയ്ക്ക് നൽകിയിട്ടുണ്ട്.

എന്നാൽ 79 ടേബിളുകളും 79 കസേരകളും 4 സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർ കൈപ്പറ്റിയതായി കാണിച്ചിട്ടുണ്ട്. ബാക്കി 11 ടേബിളുകളും 11 കസേരകളും വിതരണം ചെയ്തതു സംബന്ധിച്ച രേഖകളില്ല. ഇതു സംബന്ധിച്ച ഗുണഭോക്തൃപട്ടികയോ അപേക്ഷകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൈപ്പറ്റ് രേഖകളോ വിതരണ രേഖകളോ ഹാജരാക്കുന്നതിനു വിധേയമായി 11പഠനോപകരണങ്ങളുടെ വിലയായ 54395/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 വിതരണ രേഖകൾ ഹാജരാക്കിയില്ല-1,57,500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2021-22 വർഷം കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്റ്റ് പ്രകാരം വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

എ)ഔഷധസസ്യ വിതരണം

പ്രോജക്റ്റ് നം. - എസ് 0031/22

അടങ്കൽ തുക- 67500/- (വികസന ഫണ്ട് (ജനറൽ))

ചെലവ് -67500/-(BRN 21060452015001408171 തീയതി-22.03.2022)

ടി പ്രോജക്റ്റ് പ്രകാരം , ഓണാട്ടുകര അഗ്രോഫാം, കായംകുളം എന്ന സ്ഥാപനത്തിൽ നിന്നും 67500/-രൂപ (ഒന്നിന്റെ വില- 15 രൂപ) വിലയുള്ള 4500എണ്ണം വേപ്പിൻ തൈകൾ വാങ്ങിയിട്ടുണ്ട്. ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.

ബി) പച്ചക്കറി വിത്ത് വിതരണം

പ്രോജക്റ്റ് നം. - എസ് 0174/22

അടങ്കൽ തുക- 90000/- (വികസന ഫണ്ട് (ജനറൽ))

ചെലവ് – 90000/-(BRN 21060452015001408154 തീയതി-22.03.2022)

ടി പ്രോജക്റ്റ് പ്രകാരം , ഓണാട്ടുകര അഗ്രോഫാം, കായംകുളം എന്ന സ്ഥാപനത്തിൽ നിന്നും 90000/-രൂപ (ഒന്നിന്റെ വില- 20 രൂപ)വിലയുള്ള 4500എണ്ണം പച്ചക്കറി വിത്ത് പാക്കറ്റുകൾ വാങ്ങിയിട്ടുണ്ട്. ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9 / 16.02.2023 )മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 1,57,500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

താഴെപ്പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പൂർത്തീകരണ വിവരമില്ല . വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | നിക്ഷേപിച്ച തുക | കരാർ നമ്പർ | കരാർ കാലയളവ് | കരാർ സ്ഥാപനം | റിമാർക്സ് | തൻവർഷം ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|
| 1 | വിവിധ വാർഡുകളിൽ ROപ്ലാന്റ് സ്ഥാപിക്കൽ S0067/22 | 2048000 | 31025/2022 തീയതി 30-03-22 | 6മാസം | KWA ,തിരുവല്ല | | ബിൽ നമ്പർ 122/12-01-22രൂപ 1600000/- ബിൽ നമ്പർ 180/18-02--22രൂപ 448000/- |
| 2 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ S0068/22 | 2478000 | 15031/22 തീയതി17-11-22 | 2മാസം | KWA ,തിരുവല്ല | 667700/- രൂപ 2019-20 വർഷം നിക്ഷേപിച്ചത് | ബിൽ നമ്പർ 197/03-03-22രൂപ 269500/- ബിൽ നമ്പർ 272/27-03-22രൂപ 1530000/- ബിൽ നമ്പർ 49/18-09-21രൂപ 10800/- |
| 3 | കനകശ്ശേരി SC കോളനിയിലേക്ക് പൈപ്പ് ലൈൻ ദീർ ഘിപ്പിക്കൽ | 1905000 | 15027/22 തീയതി 17-11-22 | 2മാസം | KWA ,തിരുവല്ല | 1500000/- രൂപ 2019-20 വർഷം നിക്ഷേപിച്ചത് | ബിൽ നമ്പർ 117/03-01-22രൂപ 169400/- ബിൽ നമ്പർ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | 262/25-03-22രൂപ 235600/- |
| | ആകെ | | | | | | 4263300 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 13/16-02-22 ന് മറുപടി നൽകിയില്ല . പ്രവൃത്തി നടന്നു കൊണ്ടിരിക്കുകയാണെന്ന് വാക്കാൽ അറിയിച്ചിട്ടുണ്ടെങ്കിലും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ തൻവർഷം ചെലവഴിച്ച തുക 4263300/-തടസ്സപ്പെടുത്തുന്നു.

## 1-24 അങ്കണവാടികളിലേയ്ക്ക് സാധനങ്ങൾ വാങ്ങുന്നതിൽ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ സാധനങ്ങൾ കൈനകരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് മുഖേനയാണ് വാങ്ങിവരുന്നത്. സാമൂഹ്യ നീതിവകുപ്പിന്റെ 06.08.2019 – ലെ ബി1/493/2019/സാനീവ നം. സർക്കുലർ പ്രകാരം ചില നിബന്ധനകൾക്കു വിധേയമായി സപ്ളൈകോ സ്റ്റോറുകളുടെ NAC കൂടാതെ സർവ്വീസ് സഹകരണ ബാങ്കുകൾ നടത്തുന്ന നീതി സ്റ്റോറുകളിൽ നിന്നും സാധനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്.അപ്രകാരം ചെയ്യുമ്പോൾ പ്രസ്തുത സാധനങ്ങളുടെ വില സപ്ളൈകോ സ്റ്റോറുകളിലെ വിലയ്ക്ക് തുല്യമോ കുറവോ ആയിരിക്കണമെന്ന് ടി സർക്കുലറിൽ പറയുന്നു.എന്നാൽ പല സാധനങ്ങളും സപ്ളൈകോ സ്റ്റോറുകളിലേതിനേക്കാൾ അധിക വിലയ്ക്ക് നീതി സ്റ്റോറിൽ നിന്നും വാങ്ങിയിട്ടുള്ളതായി കാണുന്നു.ഇതു സംബന്ധിച്ച് എല്ലാ മാസവും ഒരു തവണയെങ്കിലും CWDO/PO/CDPO/ICDS സൂപ്പർവൈസർ എന്നീ ഉദ്യോഗസ്ഥരിൽ ആരെങ്കിലുമൊരാൾ വിലനിലവാരം പരിശോധിച്ച് പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.ഇപ്രകാരം വിലനിലവാരം സംബന്ധിച്ച എന്തെങ്കിലും രേഖകൾ സൂക്ഷിക്കുന്നില്ല. സാധനങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന്റെ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഭക്ഷ്യ സാധനങ്ങൾ വാങ്ങുന്ന സ്ഥാപനങ്ങൾക്ക് ഫുഡ് ആന്റ് സേഫ്റ്റി വകുപ്പിന്റെ അംഗീകാരം ഉറപ്പുവരുത്തേണ്ടുന്ന ഉത്തരവാദിത്വവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുണ്ട്.ഇക്കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/16.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളുടെ ലൈസൻസ് രേഖകൾ പരിശോധിച്ചതിൽ കൈനകരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് വകയായി ഇപ്രകാരം ഒരു നീതി സ്റ്റോർ ലൈസൻസോടുകൂടി പ്രവർത്തിക്കുന്നതായി കാണുന്നില്ല. ഈ വിഷയങ്ങളിന്മേൽ അടിയന്തിര പരിശോധന നടത്തി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-25 ലൈഫ് പദ്ധതി-മുൻകൂർ കൈപ്പറ്റി നിർമ്മാണം ആരംഭിച്ചിട്ടില്ല

ലൈഫ് ഭവനനിർമ്മാണ പദ്ധതി പ്രകാരം മുൻകൂർ തുക കൈപ്പറ്റിയ ശേഷം താഴെപറയുന്ന ഏതാനും ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിക്കാതിരിക്കുകയോ ഇതുവരെ പൂർത്തീകരിക്കാതിരിക്കുകയോ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | വാർഡ് നമ്പർ | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ശാന്തമ്മ,കുറവക്കാട്ടുചിറ | V | 140000 |
| 2 | ഓമന വിക്രമൻ, പുതുവൻകനകാശ്ശേരിച്ചിറ, കുട്ടമംഗലം | XIV | 40000 |
| 3 | ഈശ്വരി ചന്ദ്രബാബു, കാളിപ്പറമ്പ്, കുട്ടമംഗലം | XIV | 40000 |
| 4 | സൗമ്യ.പി.ആർ, കൊച്ചുപറമ്പ്, കൈനകരി | VIII | 40000 |

ടി ഗുണഭോക്താക്കൾ ഇതുവരെ ഭവനനിർമ്മാണം ആരംഭിക്കുകയോ പൂർത്തീകരിയ്ക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ അടുത്ത ഗഡു ആനുകൂല്യം നൽകിയിട്ടില്ല. ഗുണഭോക്താക്കളും ഗ്രാമ പഞ്ചായത്തും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥപ്രകാരം കരാർ തിയതി മുതൽ 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.07തീയതി 17-02-2023)മറുപടി ലഭ്യമായിട്ടില്ല.അഡ്വാൻസ് കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾ പ്രവർത്തി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താനും അല്ലാത്തപക്ഷം കരാറിൽ പരാമർശിച്ച പ്രകാരം അഡ്വാൻസായി നൽകിയ തുക 12% പലിശ സഹിതം മേൽപ്പറഞ്ഞ ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 അനുപൂരക പോഷകാഹാര പരിപാടി-വൗച്ചറിന്റെ അഭാവത്തിൽ നൽകിയ 16188/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി അങ്കണവാടി കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ സാധനങ്ങൾ കൈനകരി ഗ്രാമപഞ്ചായത്ത് പരിധിയിലെ 25 അങ്കണവാടികളിലേയ്ക്കും എത്തിക്കുന്നതിന് 2021-22 കാലയളവിൽ ശ്രീ.ജയലാൽ എന്നയാളാണ് കരാർ വെച്ചിട്ടുള്ളത്. സാധനങ്ങൾ ഇറക്കിയ വകയിൽ ടിയാന്റെ അക്കൗണ്ടിലേയ്ക്ക് ബിൽ നമ്പർ.25/11.08.2021 പ്രകാരം 16188/- രൂപ നൽകിയിട്ടുണ്ട്. ടിയാന്റെ വൗച്ചർ കൂടാതെയാണ് പ്രസ്തുത തുക നൽകിയിരിക്കുന്നത്. സാധനങ്ങളിറക്കിയ തീയതി, സാധനങ്ങളുടെ തൂക്കം എന്നിവ വ്യക്തമാക്കുന്ന രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അതു പോലെ തന്നെ 2021 ഓഗസ്റ്റ് മാസത്തിൽ കൈനകരി സർവ്വീസ് സഹകരണ ബാങ്ക് മുഖേന സാധനങ്ങൾ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടുണ്ടെങ്കിലും സാധനങ്ങളുടെ സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല. വൗച്ചറിന്റെ അഭാവത്തിൽ സാധനങ്ങൾ വിതരണം ചെയ്ത ഇനത്തിൽ നൽകിയിട്ടുള്ള 16188/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-27 സുലേഖ സ്റ്റേറ്റ്മെന്റിൽ വരവ് രേഖപ്പെടുത്തിയതിൽ വ്യത്യാസം

ജി . ഒ (പി ) നം. 3367/21, തീയതി - 07.04.2021 പ്രകാരം വികസന ഫണ്ട് ( ജനറൽ) , വികസന ഫണ്ട് ( എസ് സി പി ) എന്നിവയിൽ നിന്നും 29333/-രൂപ വീതം കുറവ് ചെയ്താണ് തുക അനുവദിച്ചത്. എന്നാൽ, സുലേഖ ചെലവ് പത്രികയിൽ ടി രണ്ട് തുകകളും വികസന ഫണ്ട് ( ജനറൽ ) ഫണ്ടിൽ ഉൾപ്പെടുത്തിയാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ ന്യൂനത ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/ 16.02.2023 ) ലഭ്യമാക്കിയില്ല. അപാകതകൾ ആവർത്തിക്കാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി-അധിക ചെലവ് -50300/-

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തു നോക്കിയതിൽ മരണപ്പെട്ടവരുടെ പേരു വിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്ന് കണ്ടു. ഗുണഭോക്താക്കൾ മരണപ്പെട്ട് കഴിഞ്ഞിട്ടും നേരിട്ട് തുക കൈപ്പറ്റിതായി (ഡയറക്റ്റ് ടു ഹോം) രേഖപ്പെടുത്തി വിതരണം ചെയ്തതായും മരണ ശേഷവും പെൻഷൻ ബാങ്ക് അക്കൌണ്ട് വഴി വിതരണം ചെയ്തതായും കാണുന്നു. ധനകാര്യ(എസ്.എഫ്.സി.ബി) വകുപ്പിന്റെ 28.8.2021 ലെ 63/2021 ധന.സർക്കുലറിലെ (1)-ാം നമ്പർ നിർദ്ദേശപ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്കു മുൻപ് മരണവിവരം അറിയിക്കേണ്ടതാണ്. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിൽ വളരെയധികം കാലതാമസം വരുന്നു .

എ) മരണശേഷം സൊസൈറ്റി വഴി തുക നേരിട്ട് കൈപ്പറ്റിയതായി (ഡയറക്റ്റ് ടു ഹോം) രേഖപ്പെടുത്തി തുക നല്കി.

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തു നോക്കിയതിൽ, മരണ ശേഷവും പെൻഷൻ ഡയറക്റ്റ് ടു ഹോം എന്ന തരത്തിൽ വിതരണം ചെയ്തതിന് ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് /വിലാസം | മരിച്ച തീയതി/ മരണ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | നിരക്ക് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സേവ്യർ കുര്യൻ, മണ്ണട, കൈനകരി പി ഒ | 29.11.2020/ 06.01.2021 | കർഷക തൊഴിലാളി പെൻഷൻ 104570100875 | 12/2020- 1400/-രൂപ | 1400/- | തുക ഗുണഭോക്താക്കൾക്ക് സൊസൈറ്റി വഴി കൈമാറി. |
| 2 | മതിമുഖി, തെക്കേച്ചിറ ,കുപ്പപ്പുറം പിഒ | 20.01.2021/ 08.02.2021 | കർഷക തൊഴിലാളി പെൻഷൻ 104570100205 | 02/2021- 04/2021 4600/-രൂപ | 02/21 മുതൽ 03/21 വരെ -1500/-രൂപ നിരക്കിൽ, 04/2021 -ൽ -1600/-രൂപ | തുക ഗുണഭോക്താക്കൾക്ക് സൊസൈറ്റി വഴി കൈമാറി. |
| 3 | ഷൈമി , കളത്തിൽ കുപ്പപ്പുറം പി ഒ | 06.02.2021/ 05.03.2021 | കർഷക തൊഴിലാളി പെൻഷൻ 104570100923 | 03/2021- 04/2021 3100/-രൂപ | 03/21 -ൽ -1500/-രൂപ, 04/2021 -ൽ -1600/-രൂപ | തുക ഗുണഭോക്താക്കൾക്ക് സൊസൈറ്റി വഴി കൈമാറി. |
| 4 | ഓമന റ്റി പി, കളത്തിൽ കുട്ടമംഗലം പി ഒ | 07.06.2021/ 08.07.2021 | വാർദ്ധക്യകാല പെൻഷൻ 104570200753 | 07/2021-10/2021 6400/-രൂപ | 07/2021 മുതൽ 10/2021 വരെ -1600/-രൂപ നിരക്കിൽ. | തുക ഗുണഭോക്താക്കൾക്ക് സൊസൈറ്റി വഴി കൈമാറി. |
| 5 | ചെല്ലമ്മ, കായിത്ര കുട്ടമംഗലം പി ഒ | 31.12.2021/ 14.01.2022 | കർഷക തൊഴിലാളി പെൻഷൻ 104570101284 | 01/2022 1600/-രൂപ | 1600/-രൂപ | തുക ഗുണഭോക്താക്കൾക്ക് സൊസൈറ്റി വഴി കൈമാറി. |
| | ആകെ | | | 17100 | | |

മേൽ തുകകൾ ഗുണഭോക്താക്കൾ മരിച്ച ശേഷം സൊസൈറ്റി വഴി നേരിട്ട് ഗുണഭോക്താക്കളുടെ പേരിൽ ആരോ കൈപ്പറ്റിയതാണെന്ന് വ്യക്തമാണ്. ആയതിനാൽ, ഇത് എപ്രകാരം സംഭവിച്ചതാണെന്ന് ബാങ്ക് അധികൃതരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ കൊടുത്തിരിക്കുന്നത് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. ഇപ്രകാരം, മുൻവർഷങ്ങളിൽ എത്ര ഗുണഭോക്താക്കളുടെ തുക വിതരണം ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച് അന്വേഷണ വിധേയമാക്കേണ്ടതാണ്. മേൽ പരാമർശിച്ച തുക ( 17100/-രൂപ ) തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

ബി) മരണ ശേഷവും പെൻഷൻ ബാങ്ക് അക്കൌണ്ട് വഴി വിതരണം ചെയ്തതായും കാണുന്നു.

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക

വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ, മരണ ശേഷവും പെൻഷൻ ബാങ്ക് അക്കൌണ്ട് വഴി വിതരണം ചെയ്തതായും കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് /വിലാസം | മരിച്ച തീയതി/ മരണ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | നിരക്ക് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | രവീന്ദ്രൻ കെ, ഗണേഷ് ഭവൻ തോട്ടുവാതല പി ഒ | 14.01.2021/ 02.02.2021 | കർഷക തൊഴിലാളി പെൻഷൻ 104570101440 | 2/2021- 10/2021 14200/-രൂപ | 02/21 മുതൽ 03/21 വരെ -1500/-രൂപ നിരക്കിൽ, 04/2021 മുതൽ 10/2021 വരെ -1600/-രൂപ നിരക്കിൽ. | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 2 | രമേശൻ റ്റി രതീഷ് ഭവനം, കട്ടമംഗലം പിഒ | 06.01.2021/ 17.02.2021 | കർഷക തൊഴിലാളി പെൻഷൻ 104570103032 | 02/2021- 10/2021 14200/- | 02/21 മുതൽ 03/21 വരെ -1500/-രൂപ നിരക്കിൽ, 04/2021 മുതൽ 10/2021 വരെ -1600/-രൂപ നിരക്കിൽ. | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 3 | ശശി, കണിപ്പറമ്പ്, കട്ടമംഗലം പി ഒ | 23.08.2021/ 14.09.2021 | കർഷക തൊഴിലാളി പെൻഷൻ 104570102749 | 9/2021-10/2021 3200/- | 1600/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 4 | തോമസ് തോമസ്, കണിച്ചേരി കൈനകരി പി ഒ | 20.11.2021/ 29.11.2021 | വാർദ്ധക്യകാല പെൻഷൻ 104570200836 | 12/2021 1600/- | 1600/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| ആകെ | | | | 33200 | | |

മേൽ വിവരങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/14.02.2023) ലഭ്യമാക്കിയ മറുപടിയിൽ, തുക തിരികെ ഈടാക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും നിർദ്ദേശം

നല്കുന്നതാണെന്ന് അറിയിച്ചു. നാളിതു വരെ സസ്പെൻഡ് ചെയ്യാത്തവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും മരണപ്പെട്ട ആളുകളുടെ പേരിൽ കൈപ്പറ്റിയ പെൻഷൻ തുക, അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ടി പെൻഷൻ തുക എന്നിവ തിരികെ ഈടാക്കിയും വിശദാംശം അറിയിക്കേണ്ടതാണ്. മേൽ തുകകൾ (50300/-രൂപ) ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി നിർണയിക്കുന്നു.

## 3-2 പഞ്ചായത്ത് ഓഫീസ് കെട്ടിടം ഫർണീഷിംഗ് - സിഡ്കോയ്ക്ക് അധികം നൽകിയത് 33871/-

| | |
|---|---|
| പ്രോജക്ട് | പഞ്ചായത്ത് ഓഫീസ് കെട്ടിടം ഫർണീഷിംഗ് |
| പ്രോജക്ട് നമ്പർ | S0144/12 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവു വിവരം | ബിൽ നമ്പർ 168/15-02-22 രൂപ 903629/-<br>ബിൽ നമ്പർ 173/16-02-22 രൂപ 69030/-<br>ബിൽ നമ്പർ 209 /14-03-22 രൂപ 359252 /-<br>ബിൽ നമ്പർ 210/14-03-22 രൂപ 1066868/- |

പഞ്ചായത്ത് ഓഫീസ് ഫർണീഷിംഗിന് സിഡ്കോ സ്റ്റോബോർഡ് ഫാക്ടറി,പരുമല എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്. സ്ഥാപനം ഹാജരാക്കിയ ഇൻവോയ്സ് പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും സ്ഥാപനം ഹാജരാക്കിയതും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയതുമായ നിർമ്മിച്ച അളവ് രേഖപ്പെടുത്തിയ റികൺസിലിയേഷൻ ഷീറ്റുമായി താരതമ്യം ചെയ്യുമ്പോൾ ചില ഇനങ്ങൾക്ക് അധികം നൽകിയതായി കാണുന്നു. വ്യത്യാസമുള്ള ഇനങ്ങളുടെ വിവരം മാത്രം ചുവടെ കൊടുക്കുന്നു

| ക്രമ നമ്പർ | ഇനം | തുക അനുവദിച്ച ഇൻവോയ്സ് പ്രകാരമുള്ള അളവ് | റികൺസിലിയേഷൻ ഷീറ്റിൽ കാണിച്ചിരിക്കുന്ന നിർമ്മിച്ച അളവ് | അധികം നൽകിയ തുക(ഇൻവോയ്സ് പ്രകാരമുള്ള നിരക്കിന്റെ അടിസ്ഥാനത്തിൽ) |
|---|---|---|---|---|
| | ഗ്രൗണ്ട് ഫ്ലോർ | | | |
| | Rubwood Table | 96 Sq.ft | 93.612 Sq.ft | 2.388 @1625 =3880.50 |
| | Full Height Cement Board Partiton With Door | 115 Sq.ft | 93.49 Sq.ft | 21.51 @215 = 4624.65 |
| | ഒന്നാം നില | | | |
| | Partly Glazed Low /Med Height Single Skin Partition | 640 Sq. Ft | 638.66 Sq.ft | 1.34 @445 = 596.30 |
| | Storage Shelf | 240 Sq. Ft | 216.41 Sq. Ft | 23.59 @1050 = 24769.50 |
| | ആകെ | | | 33870.95 (33871/-) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 14/16-02-22 ന് മറുപടി നൽകിയില്ല. അധികം നൽകിയ തുക മേൽസ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-3 കുടിവെള്ളം വിതരണം - ആദായ നികുതി ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | കുടിവെള്ളം വിതരണം |
| പ്രോജക്ട് നമ്പർ | S0024/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവു വിവരം | ബിൽ നമ്പർ 20/08-10-21 രൂപ 1200000/-<br>ബിൽ നമ്പർ 104/24-03-22 രൂപ 1241222/-<br>ബിൽ നമ്പർ 107/26-03-22 രൂപ 77018/- |

ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം അനുഭവപ്പെട്ട പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം നടത്തുന്നതിന് വേണ്ടി ക്ഷണിച്ച ടെണ്ടർ പ്രകാരം യന്ത്രവൽകൃത വള്ളത്തിൽ കുടിവെള്ളം വിതരണം നടത്തുന്നതിന് 2100/ട്രിപ്പ് എന്ന നിരക്ക് ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുണ്ട്. കുടിവെള്ളം വിതരണം നടത്തിയ കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ താഴെപ്പറയുന്നവരിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല .

| ക്രമനമ്പർ | കരാറുകാരൻ | കൈപ്പറ്റിയ തുക | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|---|
| 1 | പ്രേംസൺ | 111300 | 1113 |
| 2 | തോമസ് മാത്യു | 109200 | 1092 |
| ആകെ | | | 2305 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 12/16-02-22 ന് മറുപടി നൽകിയില്ല .ടി തുക മേൽപ്പറഞ്ഞവരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്.

## 3-4 തൊഴിലുറപ്പ് പദ്ധതി - സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് തുക നൽകൽ- കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല.

2020-21 , 2021-22 വർഷം തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത പ്രവൃത്തികൾക്ക് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൻ പ്രകാരം ബോർഡ് സ്ഥാപിച്ചതിന് തൻവർഷം വിവിധ തീയതികളിലായി ശ്രീ.ലിബിൻ ദേവസ്യയ്ക്കും ശ്രീ. സുനിൽകുമാറിനും യഥാക്രമം 156000/-രൂപയും 511000/-രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും ആദായനികുതി ഈടാക്കിയില്ല. ആദായ നികുതി ഈടാക്കേണ്ടതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | തൻവർഷം നൽകിയ തുക | ഈടാക്കേണ്ട ആദായ നികുതി @1% |
|---|---|---|---|
| 1 | ലിബിൻ ദേവസ്യ | 156000 | 1560 |
| 2 | സുനിൽകുമാർ | 511000 | 5110 |
| | ആകെ | | 6670 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 16/17-02-22 ന് മറുപടി നൽകിയില്ല .ടി തുക മേൽപ്പറഞ്ഞവരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്.

## 3-5 തൊഴിലുറപ്പ് പദ്ധതി- തുക രണ്ടു പ്രാവശ്യം അനുവദിച്ചത് വഴി നഷ്ടം - 7800/-

എ) തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത 10/പഴൂർ പാലം മുതൽ 40ൽ ചിറപാലം വരെ PWD റോഡിനു കിഴക്കുവശം ബണ്ട് കയർ ഭൂവസ്ത്രം ഇട്ടു ബലപ്പെടുത്തുക എന്ന പ്രവൃത്തിക്ക് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചതിന് 28-05-21 , 31-05-21 തീയതികളിലായി രണ്ട് പ്രാവശ്യം 3500/-രൂപ വീതം കരാറുകാരനായ ശ്രീ. സുനിൽകുമാറിന് നൽകിയിട്ടുണ്ട്. അധികം നൽകിത് 3500/- രൂപ

ഇതേ പ്രവൃത്തിയിൽ മുള വാങ്ങിയതിന് ചെലവ് 800/- രൂപ മാത്രമാണ് . എന്നാൽ ഈയിനത്തിൽ സുകുമാരി ശ്രീധരന് 28-05-21ൽ 800/-രൂപയും ശ്രീധരന് 31-05-21 ൽ 800/- രൂപയും അനുവദിച്ചിട്ടുണ്ട്. അധികം നൽകിയത് 800/-.

ബി) 9/കായൽപ്പുറം തോട് ആഴം കൂട്ടി കയർഭൂവസ്ത്രം വിരിക്കുക എന്ന പ്രവൃത്തിയിൽ ബോർഡ് സ്ഥാപിച്ചതിന് 28-05-21 , 31-05-21 തീയതികളിലായി രണ്ട് പ്രാവശ്യം 3500/-രൂപ വീതം ശ്രീ. സുനിൽകുമാറിന് നൽകിയിട്ടുണ്ട്.

അധികം നൽകിയ 3500/- രൂപ .

മേൽപ്പറഞ്ഞ പ്രകാരം അധികം അനുവദിച്ച 7800/- (3500 +800+ 3500) രൂപ ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 16/16-02-22 ന് മറുപടി നൽകിയില്ല. എന്നാൽ അധികം നൽകാനിടയായ തുക തിരികെ ഈടാക്കുന്നതാണെന്ന് സെക്രട്ടറി വാക്കാൽ അറിയിച്ചിട്ടുണ്ട്.

## 3-6 ടെണ്ടർ പരസ്യം വിൻഡോ രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലിപ്പത്തിൽ കൂടുതലുള്ളവയായത് അധികച്ചെലവിനിടയായി

| | |
|---|---|
| പ്രോജക്ട് | പദ്ധതി പ്രവർത്തനം |
| പ്രോജക്ട് നമ്പർ | S0002/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവു വിവരം | ബിൽ നമ്പർ 09/26-07-21 രൂപ 62986/-<br>ബിൽ നമ്പർ63/23-11-21രൂപ 33594/-<br>ബിൽ നമ്പർ 65/28-12-21 രൂപ 12852/-<br>ബിൽ നമ്പർ 78/25-01-22 രൂപ 123386/- |

സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.വിൻഡോ മാതൃകയിൽ നൽകുന്ന പരസ്യങ്ങൾ (8cmx3cm)=24$cm^2$ വലുപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പദ്ധതി പ്രവൃത്തനങ്ങൾക്കായി മാതൃഭൂമി, ദേശാഭിമാനി എന്നീ പത്രത്തിൽ നൽകിയ ടെണ്ടർ പരസ്യം വിൻഡോ" രൂപത്തിൽ ആണെങ്കിലും ചിലത് നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പത്രം/ ബിൽ നമ്പർ | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | ഡിസ്കൗണ്ട് കഴിഞ്ഞ് അനുവദിച്ച തുക | പരസ്യത്തിന് അനുവദിച്ച നിരക്ക് പ്രകാരം 8X3 സൈസിലുള്ള പരസ്യത്തിന് ഡിസ്കൗണ്ട് കഴിഞ്ഞ് അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|---|---|
| | മാതൃഭൂമി | | | | |
| 1 | 81030/31-01-21 | 8 X5 | 9282 | 5569* | 3713 |
| 2 | 16547/12-06-21 | 8x5 | 9818 | 5890# | 3928 |
| 3 | 84195/24-12-21 | 8x5 | 9818 | 5890 | 3928 |
| 4 | 90678/08-01-22 | 8x5 | 9818 | 5890 | 3928 |
| | ദേശാഭിമാനി | | | | |
| 5 | 19759/13-06-21 | 8x5 | 6426 | 3856** | 2570 |
| 6 | 207235/24-09-21 | 8 X5 | 6426 | 3856 | 2570 |
| 7 | 211223/28-10-21 | 8x5 | 6426 | 3856 | 2570 |
| 8 | 213128 | 8x5 | 6426 | 3856 | 2570 |
| | ആകെ | | | | 25777 |

. *24 X260/cm2 = 6240- 936(15%ഡിസ്കൗണ്ട്) =5304 +5% Gst = 5569

. #24 X275/cm2 = 6600- 990(15%ഡിസ്കൗണ്ട്) = 5610 +5% Gst = 5890

. **24 X180/cm2 = 4320 – 648(15%ഡിസ്കൗണ്ട്) = 3672 +5% Gst =3856

പത്ര പരസ്യം നൽകിയപ്പോൾ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ അധികച്ചെലവിനിടയായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 11/16-02-22 ന് മറുപടി നൽകിയില്ല . അധികം ചെലവഴിക്കാനിടയായ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 99714 | പാലീയേറ്റിവ് കെയർ | 99714 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 150000 | അങ്കണവാടിപോഷകാഹാര പരിപാടി | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 177250 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 177250 | 0 |
| ആകെ | | 426964 | | 426964 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | അങ്കണവാടിപോഷകാഹാര പരിപാടി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 122850 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 122850 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1367191 | പഞ്ചായത്ത് കളിസ്ഥലം ഉയർത്തൽ | 1367191 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 52572 | 09/20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 38702 | 13870 |
| | 2020-21 | 4250 | അങ്കണവാടിപോഷകാഹാര പരിപാടി | 0 | 4250 |
| ആകെ | | 1646863 | | 1628743 | 18120 |

### 4-2 ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ | ബിൽ നമ്പർ 122/12-01-22രൂപ | 2048000 | 0 | 2048000 |

| | | | | | |
|---|---|---|---|---|---|
| | ആർ ഒ പ്ലാന്റ് സ്ഥാപിക്കൽ | 1600000/- ബിൽ നമ്പർ 180/18-02--22രൂപ 448000/- | | | |
| വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ബിൽ നമ്പർ 197/03-03-22രൂപ 269500/- ബിൽ നമ്പർ 272/27-03-22രൂപ 1530000/- | 1799500 | 0 | 1799500 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 2020-21 ബാക്കി തുക നല്കൽ | ബിൽ നമ്പർ 49/18-09-21രൂപ 10800/- | 10800 | 0 | 10800 |
| വാട്ടർ അതോറിറ്റി | കനകശ്ശേരി എസ് സി കോളനിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-ബാക്കി തുക നല്കൽ | ബിൽ നമ്പർ 117/03-01-22രൂപ 169400/- ബിൽ നമ്പർ 262/25-03-22രൂപ 235600/- | 405000 | 0 | 405000 |
| ഇലക്ട്രിസിറ്റി ബോർഡ് | റോഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 219/16-03-22 | 28298 | 0 | 28298 |
| ഇലക്ട്രിസിറ്റി ബോർഡ് | വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 158/03-02-22 | 49424 | 0 | 49424 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് | | | 12300 | 12300 | | 0 |
| ലൈഫ് ഭവനപദ്ധതി | ജി ഒ എം എസ് 111/2018 | 0 | 1,72,32,072 | 18,18,667 | 0 | 1,54,13,405 |

| | | | | | | |
|---|---|---|---|---|---|---|
| | /എൽഎസ്ജിഡി 13/08/2018 | | | | | |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2006-2007 | 25 | 2006-2007 | 25 | നടപടികൾ സ്വീകരിച്ച് വരുന്നു. |
| 2007-2008 | 8 | 2007-2008 | 8 | നടപടികൾ സ്വീകരിച്ച് വരുന്നു. |
| 2008-2009 | 10 | 2008-2009 | 10 | നടപടികൾ സ്വീകരിച്ച് വരുന്നു. |
| 2009-2010 | 8 | 2009-2010 | 8 | നടപടികൾ സ്വീകരിച്ച് വരുന്നു. |
| 2010-11,2011-12 | 22 | 2010-11,2011-12 | 22 | നടപടികൾ സ്വീകരിച്ച് വരുന്നു. |
| 2012-2013 | 12 | 2012-2013 | 12 | നടപടികൾ സ്വീകരിച്ച് വരുന്നു. |
| 2013-2014 | 15 | 2013-2014 | 15 | നടപടികൾ സ്വീകരിച്ച് വരുന്നു. |
| 2014-2015 | 13 | 2014-2015 | 13 | നടപടികൾ സ്വീകരിച്ച് വരുന്നു. |
| 2015-2016 | 11 | 2015-2016 | 11 | നടപടികൾ സ്വീകരിച്ച് വരുന്നു. |
| 2016-2017 | 18 | 2016-2017 | 18 | നടപടികൾ സ്വീകരിച്ച് വരുന്നു. |
| 2017-2018 | 7 | 2017-2018 | 7 | നടപടികൾ സ്വീകരിച്ച് വരുന്നു. |
| 2018-2019 | 16 | 2018-2019 | 16 | നടപടികൾ സ്വീകരിച്ച് വരുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62736798 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65353451 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 109948 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4570843 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | | 50300 | റ്റി.എഫ്. സെബാസ്റ്റ്യൻ, സെക്രട്ടറി |
| 3-2 | | 33871 | റ്റി.എഫ്. സെബാസ്റ്റ്യൻ, സെക്രട്ടറി |
| 3-6 | | 25777 | റ്റി.എഫ്. സെബാസ്റ്റ്യൻ, സെക്രട്ടറി |
| ആകെ | | 109948 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 79460 | റ്റി.എഫ്. സെബാസ്റ്റ്യൻ, സെക്രട്ടറി |
| 1-21 | 54395 | ജോഷി സെബാസ്റ്റ്യൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 157500 | സുചിത്ര ഷേണായി, കൃഷി ഓഫീസർ |
| 1-23 | 4263300 | റ്റി.എഫ്. സെബാസ്റ്റ്യൻ, സെക്രട്ടറി |
| 1-26 | 16188 | അനില ശശിധരൻ, ഐ സി ഡി എസ് സൂപ്പർവൈസർ |
| ആകെ | 4570843 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 2305 | റ്റി.എഫ് . സെബാസ്റ്റ്യൻ ,സെക്രട്ടറി |
| 3-4 | 6670 | റ്റി.എഫ് . സെബാസ്റ്റ്യൻ ,സെക്രട്ടറി |
| 3-5 | 7800 | റ്റി.എഫ് . സെബാസ്റ്റ്യൻ ,സെക്രട്ടറി |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റ്റി.എഫ് . സെബാസ്റ്റ്യൻ ,സെക്രട്ടറി | സെക്രട്ടറി ,കൈനകരി ഗ്രാമഞ്ചായത്ത് | തെക്കുംമുറി, തത്തംപ്പള്ളി പി ഒ ആലപ്പുഴ |

| | | |
|---|---|---|
| സുചിത്ര ഷേണായി,കൃഷി ഓഫീസർ | കൃഷി ഓഫീസർ ,കൈനകരി ഗ്രാമഞ്ചായത്ത് | കൊട്ടാരപറമ്പിൽ. ഓൾഡ് തിരുമല, ആലപ്പുഴ |
| ജോഷി സെബാസ്റ്റ്യൻ, അസിസ്റ്റന്റ് സെക്രട്ടറി | ലഭ്യമാക്കിയില്ല | വടക്കേ കണിയാംപറമ്പ് വൈറ്യംഭാഗം പി ഒ , ആലപ്പുഴ |
| അനില ശശിധരൻ, ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, ചമ്പക്കുളം ഗ്രാമ പഞ്ചായത്ത് | റിതു, കൊറ്റംകുളങ്ങര വാർഡ് , ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 2006-07 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2007-08 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2008-09 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2009-10 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2010-11, 2011-12 | എൽ.എഫ്. എ.പി.1-268/11.06.2013/29.06.2013 |
| 2012-13 | എൽ.എഫ്.എ.പി.1/1861/2014,22.12.2014/30.03.2015 |
| 2013-14 | എൽ.എഫ്.എ.പി-1-672/2015,23.07.2015/04.08.2015 |
| 2014-15 | കെ.എസ്.എ/എ.എൽ.പി-പി1/210/16/21.03.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി-പി1/135/17/2.02.2017 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി1/1243/17/07.08.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി1/322/19/12.06.2019 |
| 2018-19 | കെ.എസ്.എ/എ.എൽ.പി/പി1/135/2020/29/05/2020 |
| 2019-20 | കെ.എസ്.എ/എ.എൽ.പി/പി2/849/2021/28/09/2021 |
| 2020-21 | കെ.എസ്.എ/എ.എൽ.പി/പി2/850/2021/28/09/2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്